അന്തിമ രൂപരേഖ

പ്രബന്ധ സംഗ്രഹം

മിത്തുകളുടെ ആവിഷ്കാരം ഇടശ്ശേരി ഗോവിന്ദൻനായരുടെ കവിതകളിൽ എന്നതാണ് ഗവേഷണ പ്രബന്ധത്തിന്റെ വിഷയം. തന്റെ നാടിന്റെ ഉൾച്ചൂടും സ്പന്ദനങ്ങളും തിരിച്ചറിഞ്ഞ തനി നാട്ടിൻപുറത്തു കാരന്റെ ആവിഷ്കാരങ്ങളാണ് ഓരോ ഇടശ്ശേരിക്കവിതയും. പൈതൃകമായി കിട്ടിയ വായ്മൊഴിക്കൂട്ടുകളുടെ കടും നിറത്തിൽ തന്റെ സ്വകാര്യ ജീവിതത്തെപ്പോലും ചാലിച്ചെടുത്ത കവിയാണ് ഇടശ്ശേരി ഗോവിന്ദൻ നായർ. കണ്ടും കേട്ടും അനുഭവിച്ചുമറിഞ്ഞ നാട്ടിൻപുറത്തിന്റെ അയഥാർത്ഥമായ ഭാവനകളെ പരിണമിപ്പിച്ച് സ്വന്തമായൊരു കാവ്യലോകം നിർമ്മിച്ചെടുക്കാൻ ഇടശ്ശേരിയ്ക്കു കഴിഞ്ഞു. ആ കവിതകളിൽ വിവിധ വിഭാഗത്തിൽപ്പെടുന്ന പുരാവൃത്തങ്ങൾ എങ്ങനെ പ്രത്യക്ഷപ്പെടുന്നു എന്നും അവയെങ്ങനെ സമകാലിക ലോകത്തെ പ്രതിനിധീകരിക്കുന്നു എന്നുമുള്ള അന്വേഷണമാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം.

മിത്തും ആർക്കിടൈപ്പും എന്ന ഒന്നാം ഭാഗം ഒൻപത് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. മിത്ത് എന്ന വാക്കിന്റെ ഉത്ഭവം എന്ന അധ്യായത്തിൽ മിത്ത് എന്ന പദത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള അന്വേഷണമാണ്. മിത്തിന്റെ ഉത്പത്തി, വിവിധ വാദങ്ങൾ, സിദ്ധാന്തങ്ങൾ എന്ന രണ്ടാം അധ്യായത്തിൽ മിത്തിന്റെ ഉത്പത്തിയെക്കുറിച്ച് യൂമെറിസ്, പ്രകൃതി ശാസ്ത്രം, മിത്ത്-അനുഷ്ഠാനസിദ്ധാന്തം എന്നീ വാദങ്ങളുടേയും

സിദ്ധാന്തങ്ങളുടേയും അടിസ്ഥാനത്തിൽ സമൂഹചേതസ്സിലെ മിത്തിന്റെ ഉത്പത്തിയെ കണ്ടെത്താനുള്ള ശ്രമമാണ്. യൂമെറിസം മിത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള ഏറ്റവും പുരാതനമായ വാദമാണ്. യുമെറിസത്തിന്റെ വിവിധവശങ്ങളെക്കുറിച്ച് ഈ അധ്യായത്തിൽ വിശദമായി പ്രതിപാദിക്കുന്നു. മിത്ത്-അനുഷ്ഠാനം എന്ന മൂന്നാം അധ്യായം ഒരു അനുഷ്ഠാനമെന്ന നിലയിൽ പുരാവൃത്തങ്ങൾക്ക് ബലി, മന്ത്രവാദം ഇവയോടുള്ള ബന്ധത്തെ അന്വേഷിച്ചറിയുന്നു. കേരളീയസമൂഹത്തിൽ ഏറ്റവുമധികം സ്വാധീനംചെലുത്തുന്ന പുരാവൃത്തസംബന്ധിയായ രണ്ടുഘടകങ്ങളാണ് ബലിയും മന്ത്രവാദവും. അതുകൊണ്ടുതന്നെ അവയുടെ വിശദമായ പഠനം ഉൾപ്പെടുത്തുന്നു. നാടോടിക്കഥകൾ, ഐതിഹ്യങ്ങൾ, വീരകഥകൾ എന്ന നാലാമത്തെ അധ്യായം മിത്തിനോട് ഏറെ അടുത്തു നില്ക്കുന്ന വാമൊഴി വിഭാഗങ്ങളെ അടുത്തറിയാനും അവ മിത്തിൽ നിന്നും എങ്ങനെ വർഗീകരിക്കപ്പെട്ടിരിക്കുന്നു എന്നറിയാനും ശ്രമിക്കുന്നു. മിത്തും മതവും എന്ന അഞ്ചാം അധ്യായം ദേവാരാധന, അമ്മദൈവസങ്കല്പം എന്നിവയിലൂടെ പുരാവൃത്തങ്ങളും മിത്തും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് അന്വേഷിക്കുന്നു. മിത്തോളജിയുടെ ധർമ്മങ്ങളേയും സാദൃശ്യങ്ങളേയും കുറിച്ചുള്ളതാണ് ആറാം അധ്യായം. മിത്തുകളെ സൃഷ്ടിക്കുന്ന ആർക്കിടൈപ്പുകളെക്കുറിച്ചുള്ള വിശദമായ പഠനമാണ് ഏഴാം അധ്യായം. മിത്തുകളെ വിവിധ വിമർശന സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നതാണ് എട്ടാം അധ്യായം. പുരാവൃത്തങ്ങളുടെ നിർമ്മിതിയിൽ ഏറ്റവും കൂടുതൽ പങ്കുവഹിക്കുന്ന മനുഷ്യ

ചേതനയെ അടുത്തറിയാൻ ശ്രമിക്കുന്ന മനഃശാസ്ത്രവും മനുഷ്യവർഗത്തിന്റെ വളർച്ചയും പരിണാമവും അളക്കുന്ന നരവംശശാസ്ത്രവും ഏതുവിധം പുരാവൃത്തത്തെ അപഗ്രഥിക്കുന്നു എന്നും എട്ടാം അധ്യായം വിശദമായി പ്രതിപാദിക്കുന്നു. വിവിധ ഭാഷകളിലേയും രാജ്യങ്ങളിലേയും സാഹിത്യത്തിൽ പൗരാണികകാലത്തും ആധുനികദശയിലും പുരാവൃത്തങ്ങളുടേയും ആദിപ്രരൂപങ്ങളുടേയും സാന്നിധ്യത്തെക്കുറിച്ചും അതിനെപ്പറ്റി വിവിധ വിമർശകരുടെ കണ്ടെത്തലുകളും ഒൻപതാംഅധ്യായത്തിൽ വിശദീകരിക്കുന്നു. മിത്തും സാഹിത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പറഞ്ഞ് അവസാനിപ്പിക്കുന്നു.

മിത്തും മലയാളകവിതയും എന്ന രണ്ടാം ഭാഗം ആറ് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം അധ്യായത്തിൽ കവിയും കവിതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മിത്തിന്റെ പശ്ചാത്തലത്തിലുള്ള അന്വേഷണമാണ്. സാഹിത്യവും മിത്തും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ രൂപപ്പെടുത്തിയ നോർത്രോപ് ഫ്രൈയുടെ നിരീക്ഷണങ്ങളാണ് രണ്ടാം അധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മൂന്നാം അധ്യായം കവിതയെ എങ്ങനെ ആദിപ്രരൂപപരമായ വിമർശനത്തിനു വിധേയമാക്കുമെന്നാണ്. അടുത്ത മൂന്ന് അധ്യായങ്ങളും മിത്തും വിവിധ കാലഘട്ടങ്ങളിലെ മലയാള കവിതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ളതാണ്.

മിത്തുകളുടെ ആവിഷ്കാരം ഇടശ്ശേരി ഗോവിന്ദൻ നായരുടെ കവിതകളിൽ എന്ന മൂന്നാം ഭാഗം ഇടശ്ശേരിയുടെ കവിതകളിലെ മൈത്തിക പരാമർശങ്ങളെ ഇടശ്ശേരിക്കവിതയിലെ പ്രത്യയശാസ്ത്രം,

ഇമേജുകൾ-പ്രതീകങ്ങൾ, റിയലിസം, പാരിസ്ഥിതിക കല്പന, ഐന്ദ്രജാലിക യാഥാർത്ഥ്യം എന്നീ അധ്യായങ്ങളിലൂടെ സാമാന്യമായും മിത്തുകളിലേയ്ക്ക്, ആദിപ്രരൂപങ്ങൾ എന്നീ അധ്യായങ്ങളിലൂടെ പ്രധാനമായും പഠനത്തിനു വിധേയമാക്കിയിരിക്കുന്നു.

അബോധചേതനയുടെ വർണ്ണപ്രപഞ്ചം അനുവാചകനുമുൻപിൽ തുറന്നിടുന്ന- ഇനിയും സാഹിത്യനിരൂപണത്തിന്റെ വിവിധ സാധ്യതകളുപയോഗിച്ചു കണ്ടെത്താൻ കാത്തിരിക്കുന്ന- പ്രകടമല്ലാത്ത അനുഭൂതികളിലേയ്ക്കുള്ള വാതിലുകളാണ് ഇടശ്ശേക്കവിതകളിലെ മൈത്തിക സങ്കല്പങ്ങളെ തേടിച്ചെല്ലുമ്പോൾ നാം കണ്ടെത്തുന്നത്. ഇടശ്ശേരിയെപ്പോലെ സാമൂഹിക ബോധവും ഒപ്പം ഒരു കാർഷിക സംസ്കാരവും ഉൾക്കൊള്ളുന്ന കവിയ്ക്ക് സംഘർഷത്തിലകപ്പെടുന്ന തന്റെ ജീവിതപരിസരത്തെ ധർമ്മാവബോധത്തിലേയ്ക്കുയർത്താൻ സഹായിക്കുന്നത് ആദിപ്രരൂപങ്ങളും അവ നിർമ്മിച്ച മിത്തുകളുമായിരിക്കും. കവിയുടെ ഗ്രാമ്യസംസ്കാരവും കൃഷീവല സഹജമായ ചിന്തയുമാണ് അതിന് ആക്കം കൂട്ടുന്നത്. ആദിരൂപങ്ങളിൽ നിന്നും പുരാവൃത്തങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ ഒരു കലാകാരന്റെ സർഗ്ഗപ്രക്രിയയ്ക്ക് കഴിവില്ല. തന്റെ സമൂഹത്തെ ഉന്നിദ്രമാക്കാനുള്ള അവന്റെ ശ്രമം അബോധമായി ചെന്നെത്തുന്നത് അവയിലേയ്ക്കുമാത്രമാണ്. ഇടശ്ശേരിക്കവിതയുടെ ഇത്തരത്തിലുള്ള പഠനം കാട്ടിത്തരുന്നതും അതാണ്. ആഴത്തിൽ വേരോടിയ വിശ്വാസങ്ങളും സങ്കല്പങ്ങളും അനുഭൂതികളുമൊക്കെത്തന്നെയാണ് ഇടശ്ശേരിക്കവിതകളിലെ പുരാവൃത്തപഠനം വെളിവാക്കുന്നത്.

ഇടശ്ശേരിയുടെ എല്ലാക്കവിതകളിലും നാടിന്റെ യഥാർത്ഥ ചൈതന്യത്തിന്റെ ആവിഷ്കാരം കാണാം. തന്റെ സംസ്കാരത്തിന്റെ പ്രാകൃത ചേതനയിൽ നിന്നും സമകാലിക യാഥാർത്ഥ്യങ്ങളെ കുറിക്കാൻ അനുയോജ്യമായ പുരാവൃത്തങ്ങളും ആദിപ്രരൂപങ്ങളും കണ്ടെടുക്കാനുള്ള ആത്മാർത്ഥമായ ശ്രമം ഇടശ്ശേരിയുടെ ഓരോ കവിതയിലും കണ്ടെത്താം. സുപഥത്തിലൂടെയുള്ള ജീവിതയാത്രയാണ് ഇടശ്ശേരിയുടെ വാക്കുകളുടെ ലക്ഷ്യം. മാനവാബോധ ചേതനയെ ഉന്നിദ്രമാക്കുന്ന സാംസ്കാരിക മാതൃകകളായ പുരാവൃത്തത്തിന്റെ ആവിഷ്കാരം വഴി ബോധാബോധ സത്തകളുടെ സന്തുലനം സാധ്യമാക്കാൻ കഴിയും. കാലാതീതമായ അത്തരം പുരാവൃത്തങ്ങൾക്ക് പുതിയ അർത്ഥതലങ്ങൾ നൽകി ഇടശ്ശേരി തന്റെ കവിതകളുടെ ആസ്വാദ്യതയെ വർദ്ധിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്. പൂർണ്ണമല്ലാത്ത, പരിമിതികൾ നിറഞ്ഞ മനുഷ്യജീവിതത്തിന്റെ മൂല്യസംസ്ഥാപനവും ലക്ഷ്യം വയ്ക്കുന്നു. മിത്തുകളുടെ പുനരാവിഷ്കരണവും അതുവഴി തന്റെ അന്തർഗതങ്ങളുടെ വെളിപ്പെടുത്തലും സമകാലിക ജീവിതത്തിന്റെ ആവിഷ്കാരവും തന്റെ കവിതകളിൽ ഇടശ്ശേരി എങ്ങനെ സാധ്യമാക്കുന്നു എന്നതിന്റെ യുക്തിപരമായ വിശകലനവും വിശദീകരണവും വ്യാഖ്യാനവുമാണ് ഈ ഗവേഷണപ്രബന്ധത്തിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിരിക്കുന്നത്.